കേരളസർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - വടക്കാഞ്ചേരി റെയിഞ്ചിൽ പൊറ്റ കൂപ്പ് 2 ൽ നിന്നും തടി തൃശ്ശൂർ സർക്കാർ ഡിപ്പോയിൽ എത്തിക്കുന്നതിനുള്ള കരാർ - കാലാവധി ദീർഘിപ്പിച്ച് നൽകിയ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നടപടിക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു..

---

വനം വന്യജീവി (ബി) വകുപ്പ്

പി.ഒ (ആർ. റ്റി) നം. 363/99 വനം. തിരുവനന്തപുരം. തീയതി 13.9..99

---

പരാമർശം .- 1.ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 2..2..91. 19..5..93. 16..7..96 എന്നീ തീയതികളിലെ സി5-24555/97 നംപർ കത്തുകൾ.
2. 30.4.91 ലെ 3616/ബി2/91/വനം നംപരായ സർക്കാർ കത്ത്
3. 6.6.96. ലെ 9865/ബി2/93/വനം നംപരായ സർക്കാർ കത്ത്.

**<u>ഉത്തരവ്</u>**

വടക്കാഞ്ചേരി റെയിഞ്ചിലെ പൊറ്റ 2-ാം നമ്പർ കൂപ്പിൽ നിന്നും തടി തൃശ്ശൂർ സർക്കാർ ഡിപ്പോയിൽ എത്തിക്കുന്നതിന് ശ്രീ.ജി.ജെ.ചുമ്മാറുമായി ഉടമ്പടി തീയതി മുതൽ 3 മാസകാലവധിയിൽ തീർക്കണമെന്ന വ്യവസ്ഥയിൽ 17..12..80 ൽ ഒപ്പുവച്ച 58/80 നംപർ ഉടമ്പടിയുടെ കാലാവധി തനിയ്ക്ക് നിയമപ്രകാരം നീട്ടികൊടുക്കാവുന്ന കാലാവധിയായ ഒരു മാസം കഴിഞ്ഞ് 6 മാസത്തേയ്ക്ക് കൂടി ഉടമ്പടിയിൽ പറഞ്ഞിരിക്കുന്ന തുകയുടെ ഇരട്ടി തുക പിഴയായി ഈടാക്കികൊണ്ട് നീട്ടിക്കൊടുത്ത തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നടപടിയ്ക്കു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം ഒന്നിൽ സൂചിപ്പിച്ചിരിക്കുന്ന 2..2..91 ലെ കത്ത് പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആവശ്യപ്പെടുകയുണ്ടായി.

2.. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരാറുകാരന്റെ കഴിവുകൾക്ക് അതീതമായ കാരണങ്ങൾ, അതായത് തുടർച്ചയായ തൊഴിൽ പ്രശ്നവും തൃശ്ശൂർ ഡിപ്പോയിൽ തടിയിറക്കിവയ്ക്കുന്നതിനാവശ്യമായ സ്ഥലം ഒഴിവില്ലാതിരുന്നതുമൂലവും കരാർ കാലഘട്ടത്തിൽ ഉണ്ടായിരിക്കുന്ന തുടർച്ചയായ മഴമൂലവുമാണ് ഉടമ്പടി കാലാവധിയ്ക്കുള്ളിൽ തടി നീക്കം ചെയ്യുന്ന ജോലി പൂർത്തിയാക്കാൻ കഴിയാതിരുന്നതെന്ന സാഹചര്യം വിലയിരുത്തിയും കരാർ കാലാവധി നീട്ടി നൽകുന്നതിലൂടെ സർക്കാരിന് യാതൊരു നഷ്ടവും സംഭവിക്കുകയില്ലായെന്നും മറിച്ച് സർക്കാർ താത്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന് പൂർണ്ണബോദ്ധ്യമുണ്ടായിരുന്നതിനാലാണ് ഇരട്ടി തുക പിഴയായി ഈടാക്കികൊണ്ട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കാലാവധി നീട്ടി നൽകിയതെന്നും ആയതിനാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നടപടി അംഗീകരിച്ച് ഉത്തരവ് നൽകണമെന്നും പരാമർശം ഒന്നിൽ സൂചിപ്പിച്ചിരിക്കുന്ന 16..7..96 ലെ കത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്യുകയുണ്ടായി.

3.. മേൽ സാഹചര്യത്തിൽ വടക്കാഞ്ചേരി റെയിഞ്ചിലെ പൊറ്റ 2-ാം നംപർ കൂപ്പിൽ നിന്നും തടി തൃശ്ശൂർ സർക്കാർ ഡിപ്പോയിൽ എത്തിക്കുന്നതിന് ശ്രീ. പി. ജെ ചുമ്മാറുമായി ഉടമ്പടി തീയതി മുതൽ 3 മാസക്കാലാവധിയിൽ തീർക്കണമെന്ന വ്യവസ്ഥയിൽ 17..12..80 ൽ ഒപ്പുവച്ച 58/80 നംപർ ഉടമ്പടിയുടെ കാലാവധി തനിക്ക് നിയമപ്രകാരം നീട്ടികൊടുക്കാവുന്ന കാലാവധിയായ ഒരു മാസം കഴിഞ്ഞ് 6 മാസത്തേയ്ക്ക് കൂടി ഉടമ്പടിയിൽ പറഞ്ഞിരിക്കുന്ന തുകയുടെ ഇരട്ടി തുക പിഴയായി ഈടാക്കികൊണ്ട് നീട്ടികൊടുത്ത തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നടപടിയ്ക്ക് സാധുകരണം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രാകാരം
ടി.സി. പാപ്പച്ചൻ,
ജോയിന്റ് സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)
തിരുവനന്തപുരം.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തൃശ്ശൂർ.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) , (ഓഡിറ്റ്),
തിരുവനന്തപുരം.

ധനകാര്യവകുപ്പ്,
(30.7.99 ലെ 62244//അഗ്രി.എ1/99/ധന നംപര പ്രകാരം)

സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.